CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുനരുദ്ധരിച്ച സീറോമലബാർ റാസക്രമം ഒരു വിശദീകരണം

ഫാ. സീലാസ് സി. എം. ഐ.

ഫാ. ജോസ് കണ്ടത്തിക്കുടി

www.TheCMSIndia.org

# പുനരുദ്ധരിച്ച സീറോമലബാർ റാസ്ക്രമം ഒരു വിശദീകരണം

1986 ഫെബ്രുവരി 8-ാംതീയതി കോട്ടയത്തുവച്ച് ജോൺ പോൾ രണ്ടാമൻ പാപ്പാ അർപ്പിച്ച പുനരുദ്ധരിച്ച സീറോമലബാർ റാസക്രമം പ്രയോഗത്തിൽ വരുന്ന പശ്ചാത്തലത്തിൽ സീറോമലബാർ ലിററർജിയെപ്പററി ചില വിചിന്തനങ്ങൾ സമർപ്പിക്കുകയാണ്. സഭാസമൂഹത്തിലെ എല്ലാ വ്യക്തികളെയും ആഴത്തിൽ സ്പർശിക്കുന്ന ഒരു വിഷയമെന്ന നിലയിൽ അർഹമായ ഗൗരവത്തോടും ചുമതലാബോധത്തോടും അജപാലന താല്പര്യത്തോടുംകൂടി വേണം ഈ വിഷയം അവതരിപ്പിക്കേണ്ടത് എന്നകാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാനിടയില്ലല്ലോ.

ദീർഘകാലമായി സീറോമലബാർ സെൻട്രൽ ലിററർജിക്കൽ കമ്മററി അംഗങ്ങളായി പ്രവർത്തിക്കുന്ന ഞങ്ങളുടെ അനുഭവസമ്പത്തും അഭിപ്രായങ്ങളും സീറോമലബാർ സഭാംഗങ്ങളുമായി പങ്കുവയ്ക്കേണ്ട ചരിത്രപരമായ ഒരാവശ്യം വന്നിരിക്കുന്നുവെന്ന ബോധ്യമാണ് ഈ വിശദീകരണക്കുറിപ്പ് തയ്യാറാക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അസത്യങ്ങളും അർദ്ധസത്യങ്ങളും പല മാധ്യമങ്ങളിലൂടെയും പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഞങ്ങളുടെ അറിവിൽപ്പെട്ട ചില കാര്യങ്ങൾ സഭാംഗങ്ങളെ അറിയിക്കുകയാണ്.

സീറോമലബാർ സഭയിലെ ബഹുഭൂരിപക്ഷം മെത്രാൻമാരും വൈദികരും സന്യസ്തരും അല്മായരും താല്പര്യപൂർവ്വം പ്രതീക്ഷിച്ചിരുന്ന ഒരു കുർബാനക്രമമാണോ ഇപ്പോൾ നമുക്കു ലഭിക്കുന്നതെന്ന് അവധാനപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. 1962-ൽ പുനരുദ്ധരിച്ച കുർബാനക്രമം നിലവിൽ വന്നപ്പോൾ ഉണ്ടായ പ്രതികരണങ്ങൾ പഴയതലമുറക്കാർ മറക്കാൻ സമയ

www.TheCMSIndia.org

മായില്ല. ജനങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആരാധനക്രമത്തെപ്പററി ദൈവജനത്തിന് ഒന്നും പറയാനില്ല എന്നുവന്നാൽ എന്താണു സംഭവിക്കുക എന്നതിനു നല്ലൊരു തെളിവായിരുന്നു അന്നത്തെ പ്രതികരണം. സീറോമലബാർ മെത്രാൻമാർക്കുപോലും 1962 – ലെ കുർബാനക്രമം തയ്യാറാക്കുന്ന കാര്യത്തിൽ വേണ്ടത്ര ഭാഗഭാഗിത്വം ഇല്ലായിരുന്നു എന്നകാര്യവും ഇവിടെ സ്മരിക്കേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടക്കുന്ന ഒരവസരത്തിലാണ് പുനരുദ്ധാരണം മാത്രം ലാക്കാക്കി ടെക്സ്ററ് തയ്യാറാക്കിയത് എന്നത് ഒരു വിരോധാഭാസമായി തോന്നുന്നു.

1962–ൽ വൈദികരുടേയും ജനങ്ങളുടെയും പ്രതികൂല പ്രതികരണത്തിനു കാരണമായി ചിലർ ചൂണ്ടിക്കാണിക്കുന്നത് ബോധനത്തിൻെറ അഭാവമാണെന്നത്രേ. ബോധനത്തിൻെറ അഭാവമല്ല ഏററം പ്രധാനമായ കാരണം. വിശ്വാസികളുടെ ഭാഗഭാഗിത്വം അവശ്യം ഉണ്ടായിരിക്കേണ്ട ആരാധനക്രമം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ പ്രബുദ്ധരായ കേരള സുറിയാനി ക്രിസ്ത്യാനികൾ പ്രതികരിക്കുമെന്നതിന് തെളിവായിരുന്നു അന്നത്തെ സംഭവങ്ങൾ.

## മനുഷ്യനും ചലനാത്മകതയും

മനുഷ്യജീവിതം ചലനാത്മകമാണ്. ദൈനംദിനം മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങളെയും പ്രശ്നങ്ങളെയും അവഗണിച്ചുകൊണ്ട് ജീവിക്കാൻ മനുഷ്യനാവില്ല. ലിററർജി എന്നു പറയുന്നത് ആരാധനാപൂർവ്വം, പ്രാർത്ഥനാമനോഭാവത്തോടെ ദൈവവുമായി ബന്ധപ്പെട്ട് സ്തുതിയും ആരാധനയും കൃതജ്ഞതയും യാചനകളും അവിടുത്തേയ്ക്ക് സമർപ്പിക്കുന്ന പ്രക്രിയയാണ്. അനുദിന ജീവിതപശ്ചാത്തലത്തിൽനിന്നു വേറിട്ടുനിന്നുകൊണ്ട് ഇതു നിർവ്വഹിക്കാൻ മനുഷ്യനു സാധ്യമല്ല.

നൂററാണ്ടുകൾ പഴക്കമുള്ള പുസ്തകങ്ങളിൽ കാണുന്നവ അതേപടി പഠിപ്പിച്ചാൽ 'ശരിയായ ബോധന'മായെന്നും അവയിൽ കാണുന്ന ആരാധനക്രമാനുഷ്ഠാന

www.TheCMSIndia.org

ങ്ങൾ ആവർത്തിച്ചാൽ 'ശരിയായ പാരമ്പര്യ'മാണെന്നും മററും ചിലരെങ്കിലും തെററിദ്ധരിച്ചിട്ടുള്ളതായി തോന്നുന്നു. ഏതോ ഒരു നൂററാണ്ടിൽ അന്നത്തെ ദൈവജനത്തിനുവേണ്ടി വിശുദ്ധരും പ്രഗത്ഭരുമായ സഭാപിതാക്കൻമാർ ഒരുക്കിയ പ്രാർത്ഥനാസമുച്ചയംതന്നെ ഇന്നത്തെ തലമുറയും ആവർത്തിക്കണമെന്നു പറയുക മനുഷ്യന്റെ ചലനാത്മകതയെപ്പററിയുള്ള അജ്ഞതകൊണ്ടാണ്. ആ പിതാക്കൻമാർ അപ്രകാരം ആഗ്രഹിച്ചിരിക്കുമെന്ന് വിചാരിക്കാൻ ന്യായം കാണുന്നില്ല. ഇന്നു ജീവിക്കുന്ന മനുഷ്യനെ അവന്റെ എല്ലാ പ്രത്യേകതകളോടുംകൂടി ദൈവാരാധന നടത്താൻ സഹായിക്കുക എന്നതായിരിക്കണം ലിററർജിയുടെ ധർമ്മം.

## പാരമ്പര്യം

അപ്പോൾ പാരമ്പര്യമോ? പാരമ്പര്യം കാത്തുസൂക്ഷിക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. പാരമ്പര്യത്തിലെ വാക്കുകളോ ആചാരങ്ങളോ ആംഗ്യങ്ങളോ അല്ല ശാശ്വതീകരിക്കേണ്ടത്. മറിച്ച്, വിശ്വാസത്തിന്റെയും ആരാധനയുടെയും അനുഭവമാണ്. വി. തോമാശ്ലീഹായ്ക്കോ, ആദിമ ക്രൈസ്തവ സഭാംഗങ്ങൾക്കോ ഉണ്ടായിരുന്ന ക്രിസ്ത്വനുഭവം പിൻതലമുറക്കാർക്ക് ലഭ്യമാകണമെങ്കിൽ അവരെ ആ അനുഭവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഇന്നു നാം സൃഷ്ടിക്കണം. ഉയിർത്തെഴുന്നേററ യേശുവിന്റെ പാർശ്വത്തിൽ വിരലിടാൻ യേശു അനുവദിച്ചപ്പോഴാണല്ലോ വി. തോമാശ്ലീഹായ്ക്ക് 'അനുഭവം' ഉണ്ടായത്. നമുക്കിന്ന് അത് അസാധ്യമാണ്. അപ്പത്തിലും വീഞ്ഞിലും സന്നിഹിതനാകുന്ന യേശു വേണം നമ്മിൽ ആ 'അനുഭവം' ജനിപ്പിക്കാൻ. സുറിയാനി സഭാപിതാവായ നർസായി ഒരു പ്രത്യേക കാലഘട്ടത്തിലെ ജനത്തെ ആരാധിക്കാൻ സഹായിച്ച മാർഗ്ഗം ആകണമെന്നില്ല ഇരുപതാം നൂററാണ്ടിലെ ക്രൈസ്തവസമൂഹം സ്വീകരിക്കുക. അതുകൊണ്ട് പാരമ്പര്യമെന്ന ലേബലിൽ പഴയ പുസ്തകങ്ങളിലെ പ്രാർത്ഥനകളും പ്രതീകങ്ങളും അതേപടി സ്വീകരിച്ചാൽ 'പുരാവസ്തുഗവേഷണ'ത്തിന്റെ മേഖലയിൽ നാം എത്തും. പരമ്പരാഗതമായി ഉപയോഗിക്കുന്ന പ്രാർത്ഥനകളും അതിലെ ആശയങ്ങളും പ്രതീകങ്ങളും ആചാരാനുഷ്ഠാനങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തി തള്ളേണ്ട

www.TheCMSIndia.org

വയെ തള്ളാനും കൊള്ളേണ്ടവയെ കൊള്ളാനും കഴിയണമെങ്കിൽ മുൻവിധികളോടു വിടപറഞ്ഞ് ഇന്ന് ഇവിടത്തെ മനുഷ്യർക്കുവേണ്ടിയാണ് ലിററർജി എന്ന അവബോധം നമ്മിൽ അങ്കുരിപ്പിക്കണം. ഇതു പ്രാവർത്തികമാക്കുമ്പോൾ പാരമ്പര്യത്തിൽ നിന്ന് പിതാക്കൻമാരുടെ മാതൃക നാം സ്വീകരിക്കണം.

## രണ്ടാം വത്തിക്കാൻ സൂനഹദോസും ആരാധനക്രമവും

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ആരാധനക്രമത്തെപ്പററിയുള്ള ഡിക്രി ഇക്കാര്യത്തിൽ ആഗോളസഭയ്ക്കു നല്കിയ നിർദ്ദേശങ്ങൾ വിലപ്പെട്ടതാണ്. അവയെ അപ്പാടെ കണ്ടില്ലെന്നു നടിച്ച് ആരാധനക്രമം പുനരുദ്ധരിക്കുക സഭാ ചരിത്രത്തോടു ചെയ്യാവുന്ന വലിയൊരു അപരാധമായിരിക്കും. ആവശ്യമെന്നു തോന്നുന്നിടത്തു ശരിയായ പാരമ്പര്യത്തിൻെറ മനോഗതിക്കനുസരണം റീത്തുകളെ സസൂക്ഷ്മം പുനഃപരിശോധന ചെയ്യണമെന്നു പറയുന്ന സൂനഹദോസ് അതേ വാക്യത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നു, ആധുനികകാലത്തിൻെറ ആവശ്യങ്ങളെയും സാഹചര്യങ്ങളെയും നേരിടാൻ പോരുന്ന പുത്തൻ ചൈതന്യം അവയ്ക്ക് ഉണ്ടാകണമെന്ന് (നമ്പർ 4). ബോധപൂർവ്വവും സജീവവും ഫലദായകവുമായ രീതിയിൽ വിശ്വാസികൾ ലിററർജിയിൽ പങ്കെടുക്കാൻ പര്യാപ്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് കൗൺസിൽ പറയുന്നുണ്ട് (നമ്പർ 11). ആരാധനക്രമം പുനഃസംവിധാനം ചെയ്യുമ്പോൾ വിശ്വാസികളുടെ പൂർണ്ണവും ക്രിയാത്മകവുമായ ഭാഗഭാഗിത്വം ലഭ്യമാകണമെന്നും അക്കാര്യത്തിൽ അജപാലകൻമാർ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശമുണ്ട് (നമ്പർ14). പക്ഷേ ഇതു ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ലിററർജിയിൽ പങ്കെടുക്കുന്നവരുടെ പ്രായം, പരിതഃസ്ഥിതികൾ, ജീവിതരീതി, മതപരവും സാംസ്കാരികവുമായ നിലവാരം എന്നിവ കണക്കിലെടുക്കണ്ണെക്കമെന്നും കൗൺസിൽ ആവശ്യപ്പെടുന്നു (നമ്പർ 19).

ശ്രദ്ധേയമായ മററുചില നിർദ്ദേശങ്ങളും കൗൺസിൽ നല്കുന്നുണ്ട്. ആരാധനക്രമത്തിൽ പരിവർത്ത

നാതീതമായ ദൈവസ്ഥാപിത ഘടകങ്ങളും പരിവർത്തനവിധേയമായ ഘടകങ്ങളുമുണ്ട്. പരിവർത്തനവിധേയമായ ഘടകങ്ങളിൽ ആവശ്യമെങ്കിൽ കാലോചിതമായ മാററങ്ങൾ വരുത്താവുന്നതും വരുത്തേണ്ടതുമാണെന്നാണ് കൗൺസിലിന്റെ അഭിപ്രായം (നമ്പർ 21). നമ്പർ 34. ൽ പറയുന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്: തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യം തെളിഞ്ഞു നില്ക്കണം, അവ ഹ്രസ്വവും വ്യക്തവുമായിരിക്കണം. അനാവശ്യ ആവർത്തനങ്ങൾ ഉണ്ടാകയുമരുത്. വിശ്വാസികളുടെ ഗ്രഹണശക്തിയിൽ അവ ഒതുങ്ങി നില്ക്കണം. അതുപോലെ തന്നെ, സാധാരണഗതിയിൽ അധികം വിശദീകരണം ആവശ്യപ്പെടാത്തവയുമാകേണ്ടതാണ്.

സാംസ്ക്കാരികാനുരൂപണത്തെപ്പററിയും വ്യക്തമായ നിർദ്ദേശങ്ങൾ കൗൺസിൽ പിതാക്കന്മാർ നല്കിയിട്ടുണ്ട്. ആരാധനക്രമത്തിൽപോലും, വിശ്വാസമോ പൊതുനന്മയോ ഉൾപ്പെടാത്ത കാര്യങ്ങളിൽ കർക്കശമായ ഐക്യരൂപം അടിച്ചേൽപ്പിക്കാൻ സഭയ്ക്ക് ആഗ്രഹമില്ല, മറിച്ച് വിവിധ വർഗ്ഗക്കാർക്കും ജനവിഭാഗങ്ങൾക്കുമുളള ആദ്ധ്യാത്മിക സമ്പത്തുകളെയും വൈഭവങ്ങളെയും അവൾ മാനിക്കുകയും കൈവളർത്തുകയും ചെയ്യുന്നു. നല്ലതെങ്കിൽ അവ ആരാധനക്രമത്തിൽ ഉൾപ്പെടുത്താൻ പോലും സഭ തയ്യാറാണെന്ന് പിതാക്കന്മാർ അഭിപ്രായപ്പെടുന്നു (നമ്പർ 32).

ഇത്രയും വിശാലവും ചലനാത്മകവും അജപാലനാപരവുമായ നിർദ്ദേശങ്ങൾ 4 ന് എതിരെ 2147 പിതാക്കന്മാരുടെ വോട്ടുകളോടെ പാസാക്കി നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ട് വർഷങ്ങൾ 20 കഴിഞ്ഞു. എന്നിട്ടും സീറോമലബാർ സഭ 'പുനരുദ്ധാരണം' എന്ന ചിന്തയിൽനിന്ന് ഇനിയും ഉയിർത്തെഴുന്നേററിട്ടില്ലെന്നത് പരിതാപകരമാണ്. പുനരുദ്ധാരണത്തോടൊപ്പം അനുരൂപണവും ആവശ്യമാണെന്ന കൗൺസിൽ നിർദ്ദേശം തള്ളിക്കളയാൻ നമുക്കാവില്ലല്ലോ. പക്ഷേ ഇന്ന് അതാണ് സീറോമലബാർ സഭയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

www.TheCMSIndia.org

ണുള്ളത്. അതിൽ ചരിത്രഗ്രന്ഥത്തിൽ നിന്നുള്ള ആദ്യത്തെ വായന വിട്ടുകളഞ്ഞു. സമാപനാശീർവാദത്തിനു മുമ്പുള്ള "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"- എന്ന പ്രാർത്ഥനയും ഉപേക്ഷിച്ചു). ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും റാസ വേണമെന്നാണ് വയ്പ്. അത് പ്രായോഗികമാണോ, പട്ടണപ്രദേശങ്ങളിലും മററും അതിൽ സംബന്ധിക്കാൻ എത്രപേർ ഉണ്ടാകും എന്നെല്ലാം അനുഭവജ്ഞാനമുള്ള വികാരിമാരും ജനങ്ങളും കൂടി ആലോചിക്കുകയും വല്ല നീക്കുപോക്കുകളും ആവശ്യമെങ്കിൽ അതിനായി ശ്രമിക്കുകയും ചെയ്യാവുന്നതാണ്.

2. കുരിശുവരച്ചുകൊണ്ട് കുർബാന തുടങ്ങുന്നതിൽ വിരോധമില്ല. മാത്രമല്ല, ഇപ്പോൾ ചെയ്യുന്നതുപോലെ ഇടത്തുനിന്ന് വലത്തോട്ടു കുരിശു വരയ്ക്കാവുന്നതാണ് (1983-ലെ നിർദ്ദേശത്തിൽ കുരിശുവര പാടില്ലെന്നു പറഞ്ഞിരുന്നു).
3. കുർബാനയുടെ ആരംഭത്തിൽ നിയോഗ വിശദീകരണം നടത്താം (പാടില്ലെന്നായിരുന്നു 1983-ലെ നിർദ്ദേശം).
4. കുർബാനയുടെ ആരംഭത്തിലെ 'പുഖ്ദാന കോൻ- പുഖ്ദാനെ ദമശീഹ' റാസയിൽ മാത്രമേ നിർബന്ധിതമായിട്ടുള്ളു.
5. കാറോസൂസ പ്രാർത്ഥനകളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. അവയുടെ രീതി (form) യിൽ വ്യതിയാനം പാടില്ലെന്നേയുള്ളു (1983-ൽ എണ്ണം കുറയ്ക്കാൻ അനുവദിച്ചിരുന്നില്ല).
6. വേദാർത്ഥികളെ പിരിച്ചുവിടുന്ന ഭാഗം അനുചിതമെങ്കിൽ ഉപേക്ഷിക്കാനുള്ള അനുവാദം കാർമ്മികനുണ്ടായിരിക്കും (1983-ൽ ആ ഭാഗം നിർബന്ധിതമായിരുന്നു).
7. അനാഫൊറായുടെ ഇടയ്ക്കുള്ള ചില 'കൂശാപ്പ' പ്രാർത്ഥനകൾ ഉപേക്ഷിക്കാം.
8. കാഴ്ചവെപ്പു സമയത്ത് പീലാസകൊണ്ട് കാസയിൻമേൽ മൂന്നു പ്രാവശ്യം മുട്ടേണ്ടതില്ല.
9. 'നമുക്കു പ്രാർത്ഥിക്കാം' എന്നു പറഞ്ഞശേഷം കാർമ്മികന് യുക്താനുസരണം അല്പസമയം നിശബ്ദത പാലിക്കാം (1983-ൽ ഇതു നിരോധിച്ചിരുന്നു).

www.TheCMSIndia.org

10. ജനാഭിമുഖ കുർബാന നിലവിലുള്ള ഇടവകകളിൽ തല്ക്കാലത്തേയ്ക്ക് അതു തുടരാവുന്നതാണ്. 1983 ഡിസംബറിൽ റോമ സന്ദർശിച്ച ആർച്ചു ബിഷപ്പ് പടിയറ വഴി പൗരസ്ത്യതിരുസംഘം സീറോ മലബാർ ബിഷപ്പ്സ് കോൺഫറൻസിനെ അറിയിച്ച ആ വസ്തുത 1985-ൽ ആവർത്തിച്ചിരിക്കുന്നു.
11. ഭാരതീയ വത്കരണത്തിന് റോം എതിരല്ല. ബിഷപ്പ്സ് കോൺഫറൻസ് ആവശ്യപ്പെടണമെന്നു മാത്രം. ഭാരതീയ ഗാനരീതികളും മററും കുർബാനയിൽ ഉപയോഗിക്കുന്നതിൽ വിരോധമില്ല. രചനകൾ ബൈബിളിൽ അധിഷ്ഠിതമായിരിക്കണമെന്നേയുള്ളു.

## ഉപസംഹാരം

സീറോമലബാർ സഭയുടെ റാസക്രമം മാത്രമാണ് ഇപ്പോൾ തയ്യാറായിരിക്കുന്നത്. സാധാരണ കുർബാന (Simple Mass), കാനോന നമസ്ക്കാരം, കൂദാശകൾ, പൊൻറിഫിക്കൽ, കൂദാശാനുകരണങ്ങൾ തുടങ്ങി പല ലിററർജിക്കൽ ഗ്രന്ഥങ്ങളും,ഇനിയും ഔദ്യോഗികമായി പ്രസിദ്ധീകരിക്കാനുണ്ട്. അതുകൊണ്ട് ഇവയെപ്പററി പഠിക്കാനും അറിയാനും നിർദ്ദേശങ്ങൾ നല്കാനുമുള്ള ഉത്തരവാദിത്വത്തിൽനിന്ന് സഭാസ്നേഹികളും ലിററർജിയുടെ ആവശ്യകതയെപ്പററി ബോധ്യവുമുള്ള ആരും പിൻമാറാൻ പാടില്ലാത്തതാകുന്നു.

കേരളത്തിലെ സെൻറ് തോമസ് ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിൻെറ വലിയൊരു സവിശേഷതയായി ചൂണ്ടിക്കാണിക്കുന്നത് സഭാ ജീവിതത്തിൽ വൈദികർക്കും അത്മായർക്കുമുള്ള പങ്കാളിത്തമാണ്. സഭയുടെ സ്ഥാവരജംഗമ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ മാത്രമല്ലല്ലോ ആ ഭാഗഭാഗിത്വം ആവശ്യമായിരിക്കുക. സഭാ ജീവിതത്തിൻെറ ഏററം പ്രധാനപ്പെട്ട ഘടകമായ ആരാധനക്രമത്തെപ്പററി അജപാലനരംഗത്ത് വ്യാപൃതരായിരിക്കുന്ന വൈദികർക്കും അവരോടൊപ്പം പ്രവർത്തിക്കുന്ന സന്യസ്തർക്കും അതിൽ നിന്ന് ഫലമെടുക്കാൻ ആഗ്രഹിക്കുന്ന അത്മായർക്കും അഭിപ്രായംപോലും പറയാൻ അവകാശമില്ലെന്നു വരിക പ്രബുദ്ധരായ

www.TheCMSIndia.org

കേരളക്രൈസ്തവരെ സംബന്ധിച്ച് അസ്വീകാര്യമായിരിക്കും. നമ്മുടെ പ്രബുദ്ധതയ്ക്കും ചലനാത്മകതയ്ക്കും ജോൺപോൾ രണ്ടാമൻ അംഗീകാരം നല്കിയിട്ടുണ്ടെന്ന വസ്തുത ചാരിതാർത്ഥ്യജനകമാണ്. ഔദ്യോഗിക സന്ദർശനാർത്ഥം വത്തിക്കാനിലെത്തിയ സീറോ മലബാർ – മലങ്കര മെത്രാൻമാരെ അഭിസംബോധന ചെയ്തുകൊണ്ട് പ. പിതാവു പറഞ്ഞു: "പൗരസ്ത്യ സഭകളെപ്പററി പറയുമ്പോൾ അവരുടെ ആദരണീയമായ പഴമയെയും സമ്പന്നമായ പാരമ്പര്യത്തെയും പരാമർശിക്കുക സാധാരണമാണ്. അത് ശരിയും നല്ലതുമാണ്. എന്നാൽ ഭാരതത്തിലെ പൗരസ്ത്യസഭകൾ അനിതരസാധാരണമായ യുവത്വം (youthfulness) പ്രകടിപ്പിക്കുന്നവയാണ്. നിങ്ങളുടെ ചലനാത്മകതയും അപ്പസ്തോലികവും സഭാപരവുമായ സാക്ഷ്യവും സാർവ്വത്രികസഭയ്ക്കാവശ്യമുണ്ട്" (Osservatore Romano, Jan 20, 1986, P.8). മററു പൗരസ്ത്യസഭകളെ അപേക്ഷിച്ച് നമ്മിൽ നിന്ന് മാർപാപ്പാ പലതും പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് പാരമ്പര്യത്തിലും പഴമയിലും മാത്രം ആശ്രയിച്ച് പുനരുദ്ധാരണം നടത്തിയാൽ പോരാ, ക്രിയാത്മകതയോടുകൂടി പരിഷ്കരണവും അനുരൂപണവും നടത്തി മററു പൗരസ്ത്യസഭകൾക്കുകൂടി നമുക്ക് മാതൃക നല്കാം. ഈ കൂട്ടായ പ്രവർത്തനത്തിൽ സീറോമലബാർ സഭാംഗങ്ങൾ മുന്നോട്ടു വരുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

## സീറോ മലബാർ സെൻട്രൽ ലിററർജിക്കൽ കമ്മററി അംഗങ്ങളായ

ഫാ. സീലാസ് സി. എം. ഐ,
രാജഗിരി
കളമശ്ശേരി

ഫാ. ജോസ് കണ്ടത്തിക്കുടി
സെൻറ് വിൻസെൻറ് ചർച്ച്
കൽപ്പററ

★

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS